# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2086** **16.08.2017-ൽ മറുപടിയ്ക്ക്**

**സംസ്ഥാന ലോട്ടറിയുടെ പ്രോത്സാഹനത്തിന് നടപടി**

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറിയുടെ പ്രോത്സാഹനത്തിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാന ലോട്ടറികളുടെ പ്രോത്സാഹനത്തിന് വേണ്ടി പുതുതായി 15 സബ് ഓഫീസുകൾ കൂടി വിവിധ ജില്ലകളിലായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി 113 പുതിയ തസ്തികകൾ കൂടി അനുവദിച്ചിട്ടുണ്ട്. 50/-രൂപ മുഖവിലയുള്ള സ്ത്രീശക്തി, നിർമ്മൽ, കാരുണ്യപ്ലസ്സ്, കാരുണ്യ എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവിലകൂടി 30/- രൂപയാക്കി കുറച്ചുകൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില ഏകീകരിക്കുകയും, സമ്മാനത്തിൽ 5 ശതമാനം കൂടി വർദ്ധനവ് വരുത്തികൊണ്ടും, സമ്മാനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തിയും 01.06.2017-ാം തീയതിയിലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ പരിഷ്കരിച്ചിരുന്നു. 01.07.2017 മുതൽ കേരള സംസ്ഥാന ഭാഗ്യക്കുറിയിൻമേൽ 12% ജി.എസ്.ടി നിലവിൽ വന്നതിനെ തുടർന്ന് പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 26.8 രൂപയായും ചരക്ക സേവന നികുതി ചേർത്ത് പരമാവധി വിൽപ്പനവില 30/- രൂപയാക്കി നിജപ്പെടുത്തികൊണ്ടും 50%ത്തിനു മുകളിൽ സമ്മാനത്തുക അനുവദിച്ചുകൊണ്ടും 15/07/2017 ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി, പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ വീണ്ടും പരിഷ്കരിച്ചിട്ടുണ്ട്. ഇതിനു പുറമേ വിപണിയിലെ ഡിമാൻറിനനുസൃതമായി ടിക്കറ്റ് അച്ചടി ക്രമേണ വർദ്ധിപ്പിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| **(ബി)** | ഇതര സംസ്ഥാന ലോട്ടറികളെ പ്രോത്സാഹിപ്പിക്കുക എന്നത് സർക്കാരിന്റെ നയമാണോ എന്നറിയിക്കാമോ; | **(ബി)** | സർക്കാരിന്റെ നയമല്ല |
| **(സി)** | ഇതരസംസ്ഥാന ലോട്ടറികൾക്ക് സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണമോ നിരോധനമോ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | **(സി) യും (ഡി) യും** | നിയന്ത്രണം നിലവിലുണ്ട്. കേന്ദ്ര സർക്കാരിന്റെ 1998-ലെ ലോട്ടറി റെഗുലേഷൻ ആക്ട്, 2010-ലെ ലോട്ടറി റൂൾ, എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന റൂളുകളും വ്യവസ്ഥകളും കർശനമായി പാലിച്ചുമാത്രമേ സംസ്ഥാനത്തിനകത്ത് ലോട്ടറി നടത്തിപ്പ് സാധ്യമാവുകയുള്ളൂ. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന നടപടികളും ജി.എസ്.ടി. നിയമപ്രകാരമുള്ള നിയന്ത്രണങ്ങളും കർശനമായി സ്വീകരിക്കുന്നുണ്ട്. ആയത് കൂടാതെ കേരള ഭാഗ്യക്കുറി ഏജൻറുമാർ അന്യസംസ്ഥാന ലോട്ടറി വിതരണം, വിൽപ്പന എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാൽ ഏജൻസി റദ്ദുചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങൾ, പരിശോധനകൾ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. |
| **(ഡി)** | സംസ്ഥാനത്ത് ഇതരസംസ്ഥാന ലോട്ടറികൾ നിയന്ത്രിക്കുന്നതിനോ നിരോധിക്കുന്നതിനോ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ.**